# അക്കാദമിക
# മാസ്റ്റർ പ്ലാൻ
## 2025-2026



## ന്യൂ സെന്റ് ത്രേസ്യാസ്
## എൽ.പി.എസ് കാവാലം

# ഉള്ളടക്കം


➢ അടിസ്ഥാന വിവരങ്ങൾ

➢ ആമുഖം

➢ വിദ്യാലയത്തിന്റെ ലഘുചരിത്രം

➢ മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റ നോട്ടത്തിൽ

➢ പദ്ധതി വിശദാംശങ്ങൾ

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1.റവന്യൂ ജില്ല | : | ആലപ്പുഴ |
| 2.സ്കൂൾ കോഡ് | : | 46411 |
| 3.സ്കൂളിന്റെ പേര് | : | ന്യൂ സെന്റ് ത്രേസ്യാസ് എൽ.പി.എസ് കാവാലം |
| 4.മേൽവിലാസം | : | കാവാലം പി.ഒ ആലപ്പുഴ |
| 5.പിൻകോഡ് | : | 688506 |
| 6.ഫോൺ നമ്പർ | : | 0477 2747888 |
| 7.ഇ-മെയിൽ അഡ്രസ് | : | kavalamstthresias@gmail.com |
| 8.ഗ്രാമ പഞ്ചായത്ത് | : | കാവാലം |
| 9.വിദ്യാഭ്യാസ ജില്ല | : | കുട്ടനാട് |
| 10.സബ്ജില്ല | : | വെളിയനാട് |
| 11.ക്ലാസുകൾ | : | 1 മുതൽ 4 വരെ |
| 12.മാനേജ്മെന്റ് | : | എയ്ഡഡ് |
| 13.പഠനമാധ്യമം | : | മലയാളം |

# ആമുഖം

ആലപ്പുഴ ജില്ലയിലെ കാവാലം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ന്യൂ സെന്റ് ത്രേസ്യാസ് എൽപി സ്കൂൾ . ഈ പ്രദേശത്തെ പുരാതനമായ വിദ്യാലയങ്ങളിൽ ഒന്നാണിത്.ഏറെക്കാലമായി ഈ നാടിൻറെ സാമൂഹിക സാംസ്കാരിക മുഖങ്ങളിൽ ഒന്നായി ഈ വിദ്യാലയം തിളങ്ങിനിൽക്കുന്നു. പ്രീ പ്രൈമറി,പ്രൈമറി വിഭാഗങ്ങളിലായി കഴിഞ്ഞ ഏറെക്കാലമായി നിരവധി കുട്ടികൾ ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങുന്നു.പാഠ്യ-പാഠ്യേതര രംഗത്ത് എന്നും ഈ വിദ്യാലയം മികവ് പുലർത്തി പോരുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് അക്കാദമികരംഗത്തും കായികരംഗത്തും കലാരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ ഉടൻ തന്നെ പരിഹരിക്കുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ എല്ലാ പ്രവർത്തനങ്ങളിലും അധ്യാപകർ, സ്കൂൾ മാനേജ്മെന്റ് , പിടിഎ, നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ഹരിതാഭംഗിയാർന്ന, ജൈവസമ്പന്നതയിൽ അലംകൃതമായ സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിൻ്റെ മുഖമുദ്രയാണ്. സ്കൂൾ തന്നെ ഒരു പാഠപുസ്തകം എന്നാശയം ഇവിടെ സാർത്ഥകമാകുന്നു.

സ്കൂളിൻ്റെ അക്കാദമിക മികവുകൾ ഇനിയും ഉയർത്താനും കൂടുതൽ ഗുണപരമായ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും കഴിയുമെന്ന് നമുക്ക് പ്രതീക്ഷിക്കാം...

സ്കൂൾ ചരിത്രം

കുട്ടനാട് വിദ്യാഭ്യസ ജില്ലയിൽ സ്ഥിതി ചെയ്യുന്ന വളരെ പ്രസിദ്ധമായ ഒരു വിദ്യാലയമാണ് ഇത്.

നാലാം തരവും ,ഏഴാം തരവും ,പത്താം തരവും വിദ്യാഭ്യാസത്തിന്റെമൂല്യം എന്താണെന്ന് അറിയാമായിരുന്ന ഒരു വന്ദ്യവയോധികൻ കാവാലം വടക്ക് വള്ളിക്കാട് ശ്രീ ഉലഹന്നാൻ മത്തായിക്ക് ഒരു ആശയമുദിച്ചു. കാവാലം വടക്കുഭാഗത്തുള്ള കൊച്ചുകുട്ടികൾക്കും പ്രത്യേകമായി തന്റെ പൗത്രനും വളരെ ദൂരം പോകാതെ അയൽപക്കത്തായി ഒരു സ്കൂൾ വേണം ആ ആഗ്രഹം പൂവണിഞ്ഞു. ഇപ്പോഴത്തെ കാവാലം വടക്കുഭാഗത്തുള്ള എസ്എൻഡിപി മന്ദിരത്തിനു സമീപം നെയ്ശ്ശേരി പുരയിടത്തിൽ ഒരു ചെറിയ ഷെഡ്ഡിൽ ഒരു അധ്യാപകനും ഒരു ക്ലാസ്സുമായി ഒരു വിദ്യാലയം സ്ഥാപിച്ചു പ്രഥമ അധ്യാപകൻ ശ്രീ ഓലേടം വേലുപ്പിള്ളയും പ്രഥമ വിദ്യാർത്ഥി വള്ളിക്കാട് വക്കച്ചനും( VJ വർക്കി BA BL) ആയിരുന്നു. ഏകദേശം ഒരു വർഷത്തിനു ശേഷം ഈസ്റ്റ് / 1 സ്കൂൾ ആലക്കാട്ടുശ്ശേരി പുരയിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുകയും ചെയ്തു. ക്രമേണ രണ്ട് , മൂന്ന്, നാല് , അഞ്ച് ക്ലാസുകൾ ആരംഭിക്കുകയും സെന്റ് ത്രേസ്യാസ് മലയാളം സ്കൂൾ എന്ന് നാമകരണം ചെയ്യുകയും ചെയ്തു.

'ആദ്യത്തെ പ്രധാന അധ്യാപകൻ ശ്രീ പുന്നശ്ശേരി ചാണ്ടി സാർ ആയിരുന്നു

1920ലായിരുന്നുഈ സ്കൂൾ സ്ഥാപിതമായത്. ഈ സ്കൂളിലെ ആദ്യകാല അധ്യാപകർ ശ്രീ കല്ലുക്കളം കെ.വർഗീസ്, ശ്രീ തറയിൽ നാരായണപണിക്കർ, കുന്നുമ്മ പറപ്പള്ളിയിലെ സഹോദരിമാരായ ക്ലാരമ്മ. അന്നമ്മ , ശ്രീ വി.സി ജോസഫ് , എന്നിവരായിരുന്നു. പിന്നീട്

പിസി തോമസ് , ശ്രീ കെ എ ജോസഫ് ശ്രീമതി ടി കെ ദേവകിക്കുട്ടിഎന്നിവരും ജോലിചെയ്തു.

1951 ൽഈ സ്കൂളിൻറെ ഉടമസ്ഥാവകാശം കൊച്ചുപുരയ്ക്കൽ ശ്രീ തൊമ്മൻ ജോസഫ് ലേക്ക് (കാവാലം ചുണ്ടന്റെ ഉടമ ) കൈമാറ്റം ചെയ്യപ്പെട്ടു അതോടെ ഈ സ്കൂൾ ന്യൂ സെന്റ് ത്രേസ്യാസ് LP സ്കൂൾ എന്ന് 'പുനർനാമകരണം ചെയ്യപ്പെട്ടു. അതിനുശേഷം അഞ്ചാം ക്ലാസ് നിർത്തലാക്കി LP വിഭാഗത്തിൽ നാലുവരെ എന്ന് നിജപ്പെടുത്തി.

ഈ കാലഘട്ടത്തിൽ ശ്രീ.സി. ചാക്കോ പാത്തേരിൽ സാറിന്റെ നേതൃത്വത്തിൽ മറ്റ് 7 അധ്യാപകർ കൂടി അധ്യാപനം നടത്തിപ്പോന്നു.

ആ കാലഘട്ടം വളരെ വിഷമം പിടിച്ചതായിരുന്നു അധ്യാപകരിൽ പലരും കൊതുമ്പു വള്ളത്തിൽ തുഴഞ്ഞു സ്കൂൾ പരിസരത്ത് എത്തി , അവിടെനിന്നും നടന്നു സ്കൂളിൽ എത്തുകയായിരുന്നു. ഓല ഷെഡിൽ .താഴെ മണൽ വിരിച്ച ക്ലാസ് മുറികൾ ആയിരുന്നു. ഉച്ചഭക്ഷണം അല്ലാതെ ഒരു ആനുകൂല്യവും ഗവൺമെന്റിൽനിന്ന് അന്ന് ലഭിച്ചിരുന്നില്ല. മാനേജ്മെൻറ് തുച്ഛമായ ശമ്പളം നൽകിയതുകൊണ്ടാണ് അവർ കഴിഞ്ഞു പോന്നത്. അന്ന് എല്ലാ ക്ലാസ്സിലും രണ്ട് ഡിവിഷൻ വീതം ഉണ്ടായിരുന്നു. ആ കാലഘട്ടത്തിൽ നിന്ന് ഇന്ന് സ്കൂൾ വലിയ മാറ്റത്തിലാണ്.

വീണ്ടും 1978 ൽ ടി സ്കൂൾ കൊച്ചുപുരയ്ക്കൽ തൊമ്മൻ ജോസഫ് കാവാലം ലിസ്യു പള്ളിക്കു കൈമാറി. ഈ കാലഘട്ടത്തിൽ ശ്രീമതി ആനിയമ്മ ജോർജ്ജ് ആയിരുന്നു പ്രധാനാധ്യാപിക കൂടാതെ രണ്ട് അധ്യാപകരും 5 അധ്യാപികമാരും ഉണ്ടായിരുന്നു.

1978-79 ൽ പുതിയ കെട്ടിടം ബഹു ഫാ തോമസ് കിഴക്കേക്കുറ്റ് പണികഴിപ്പിച്ചു.

1987 കാലഘട്ടത്തിൽ അധ്യാപകരിൽ മൂന്നുപേർ പെൻഷൻ ആവുകയും പകരം മൂന്നുപേർ നിയമിതരാവുകയും ചെയ്തു സ്കൂളുകളുടെ എണ്ണം വർധിച്ചതും വീടുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതും ക്ലാസ്സ് ഡിവിഷനുകളെ ബാധിക്കാൻ തുടങ്ങി. അതോടു കൂടി നിലവിലുള്ള 2 അധ്യാപകർക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യം വന്നപ്പോൾ . 1995 ൽ സ്കൂൾ ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെൻറിന് കൈമാറി.

തുടർന്ന് ശ്രീമതി ത്രേസ്യാമ്മ ജോസഫ് ശ്രീമതി ഗ്രേസമ്മ ജോൺ, ശ്രീ. ബെന്നിമോൻ M P എന്നിവർ പ്രധാന അധ്യാപകരായി .2022 നവംബറിൽ ശ്രീ ബെന്നി സാർ മരണപ്പെട്ടു. തുടർന്ന് ശ്രീ ടോണി ജോർജ് ഇൻചാർജ് ആയി സേവനം ചെയ്തു. 2023 ജൂണിൽ ശ്രീമതി. ബീനമോൾ കെ സി പ്രധാനധ്യാപിക ആയി സ്ഥാനം ഏറ്റു.

പഠന പ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഈ സ്കൂൾ മികച്ചു നിൽക്കുന്നു. കലോത്സവം, ശാസ്ത്രമേള, കായികമേള .വിജ്ഞാന പരീക്ഷകൾ ഇവയെല്ലാം പ്രത്യേക പരിഗണന നൽകി സബ്ജില്ലാ തലത്തിലും ജില്ലാ തലത്തിലും സ്കൂൾ മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഇപ്പോൾ പ്രീപ്രൈമറി വിഭാഗവും സ്കൂളിൽ ഉണ്ട്. ശക്തമായ P T A. M P T A ജാഗ്രതാസമിതി എന്നിവ സ്കൂളിന് കരുത്തും ആവേശവും പകരുന്നു ഒരു നൂറ്റാണ്ട് പിന്നിട്ട ഈ വിദ്യാ ക്ഷേത്രം ഇന്നും നാടിന് അഭിമാനവും അനുഗ്രഹവും ആയി നിലകൊള്ളുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഇംഗ്ലീഷ് പഠനം- അനായാസകരമാക്കൽ
3. വായനാശേഷി വർദ്ധിപ്പിക്കൽ
4. ഗണിത ശേഷി വികസനം
5. ശാസ്ത്രോപോഷണ പരിപാടി
6. പ്രതിഭാ പോഷണ പരിപാടി
7. ലബോറട്ടറി നവീകരണം- ശാസ്ത്രം& ഗണിതം
8. ലൈബ്രറി ശാക്തീകരണം
9. ജൈവവൈവിധ്യ പാർക്ക് – ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം -LSS, DCL, NAS,
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. പ്രവർത്തിപരിചയ പരിശീലനം
14. കലാപരിപോഷണം
15. പച്ചക്കറിത്തോട്ടം/ പൂന്തോട്ടം
16. ദിനാചരണങ്ങൾ- ശക്തിപ്പെടുത്തൽ
17. കായികശേഷി വികസനം
18. ഐ ടി പഠനം – കാര്യക്ഷമമാക്കൽ
19. ജന്മദിന സമ്മാനം
20. ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവർത്തിപരിചയ മേളകൾ
21. ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ

# പ്രവർത്തനങ്ങൾ -വിശദാംശങ്ങൾ

## മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | 1.ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.<br><br>2.ഇംഗ്ലീഷ് അസംബ്ലി മാറിമാറി ഓരോ ക്ലാസിനും ചുമതല<br><br>3.ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ<br><br>4.കേസ് സെൻസിറ്റീവ് മനസ്സിലാക്കി കൊടുത്ത് എഴുതിപ്പിക്കുക | എല്ലാ ക്ലാസും<br><br>മാസത്തിൽ ഒരിക്കൽ<br><br>മാസത്തിൽ ഒരിക്കൽ<br><br>എല്ലാ ദിവസവും | ബന്ധപ്പെട്ട ടീച്ചർ<br><br>ക്ലാസ്സ് ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി ടീച്ചർ ഇൻചാർജ്<br><br>ഇംഗ്ലീഷ് ടീച്ചർ | PTA, |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | 1.ഇംഗ്ലീഷ് കഥ കവിത ഉത്പന്നങ്ങൾ പ്രസിദ്ധികരിക്കൽ രചന ക്യാമ്പ് | മൂന്നുമാസത്തി ലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | 2.പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാരം രൂപങ്ങളിലേക്ക് മാറ്റി അവതരണം സ്കിറ്റ്,നാടകം സംഭാഷണം etc<br><br>3. ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | മാസത്തിൽ ഒരിക്കൽ<br><br>മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി<br><br>ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷാ നൈപുണ്യം മനസ്സിലാക്കി ഭാഷ ഉപയോഗിക്കുന്നതി നുള്ള ശേഷി നേടൽ | അധികസമയം കണ്ടെത്തി ഭാഷാ നൈപുണ്യം മെച്ചപ്പെടുത്തുക. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| വായന പരിപോഷിപ്പിക്കൽ | 1.ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങ-ൾ പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ<br><br>2.വായന കുറിപ്പ് തയ്യാറാക്കൽ | മാസത്തിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ<br><br>ലൈബ്രറി ഇൻ ചാർജ് | |

## ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം/ പിന്തുണ |
| --- | --- | --- | --- | --- |
| 1.എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം | 1.അക്ഷരം ഉറപ്പിക്കൽ<br>2.ചിഹ്നം ഉറപ്പിക്കൽ<br>3.പദനിർമ്മാണം<br>4.വാക്യനിർമ്മാണം | വർഷം മുഴുവൻ | മലയാളം ടീച്ചർ | PTA |
| 2.ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | ആഴ്ചയിൽ ഒരു ദിവസം | മലയാളം ടീച്ചർ | PTA |
| 3.എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1.ലൈബ്രറി നവീകരിക്കൽ<br>2.വായന കൂട്ടം രൂപീകരിക്കൽ<br>3.ക്ലാസ് നിലവാരത്തിനനു-സരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>4.റീഡിങ് റൂം പ്രത്യേക സൗകര്യം ഒരുക്കൽ<br>5.ജന്മദിന പുസ്തകം<br>6.പത്രവായന<br>7.വായനോത്സവം | 2 മാസം – 1 വർഷം<br>ആവശ്യമ-നുസരിച്ച്<br>വർഷം മുഴുവൻ<br>വർഷം മുഴുവൻ<br>വർഷം മുഴുവൻ<br>വർഷത്തിൽ രണ്ട് തവണ | മലയാളം ടീച്ചർ<br>വിദ്യാരംഗം ഇൻചാർജ്<br>ലൈബ്രറി ഇൻചാർജ് | PTA<br>SRG<br>പൂർവ്വ വിദ്യാർത്ഥികൾ |

# ഉപമേഖല:ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| 1.കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം<br>പരീക്ഷണ കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ<br>2.സ്കൂൾ തല സയൻസ് എക്സിബിഷൻ<br>3.ശാസ്ത്ര ശില്പശാല | വർഷത്തിൽ 1 തവണ<br>വർഷത്തിൽ 1 തവണ<br>വർഷത്തിൽ 1 തവണ | ശാസ്ത്ര ക്ലബ്<br>ശാസ്ത്ര ക്ലബ്ബ്<br>ശാസ്ത്ര ക്ലബ്ബ്, അധ്യാപകർ | PTA 10000<br>PTA<br>PTA |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | ശാസ്ത്ര ക്ലബ്ബ് | PTA |

# ഉപമേഖല:ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| 1.ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1.ഗണിത പഠനോപകരണങ്ങൾ പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിത ആശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക<br><br>2.ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയവും പരിസരവും പഠനോപകരണങ്ങളാക്കി പഠനം സാധ്യമാക്കുക. | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ | ഗണിത ടീച്ചർ<br><br>ഗണിത ടീച്ചർ | SRG<br><br>SRG |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1.വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br><br>2.ക്ലാസിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ. | ആഴ്ചയിൽ 1 ദിവസം<br><br>ആഴ്ചയിൽ 1 ദിവസം | ഗണിത ടീച്ചർ<br><br>ഗണിത ടീച്ചർ | PTA |
| 3.ഗണിതോത്സവം സംഘടിപ്പിക്കൽ- വിവിധ ഗണിത പഠന നേട്ടങ്ങൾ ഉറപ്പിക്കുവാൻ | ഗണിതവുമായി ബന്ധപ്പെട്ട വിവിധ കുട്ടികളുടെ ഉൽപ്പന്നങ്ങൾ,പ്രവർത്ത നങ്ങൾ അവത രിപ്പിക്കുന്നു. | വർഷത്തിൽ 1 തവണ | ഗണിത ടീച്ചർ | PTA |

## ഉപമേഖല:പ്രവർത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം / പിന്തുണ |
|---|---|---|---|---|
| പ്രവർത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | SRG | PTA 10000 |

## ഉപമേഖല:കലാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| കലാമികവുള്ളവർക്ക് പരിശീലനം | 1.തല്പരരായ കലാവാസനയുള്ള കുട്ടികൾക്ക് വിദഗ്ധരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ<br>2.ഡാൻസ്,സംഗീതം, സംഗീത ഉപകരണങ്ങൾ - പരിശീലനം | വർഷം മുഴുവൻ<br>വർഷം മുഴുവൻ | SRG<br>അധ്യാപകർ | PTA 10000 |

# ഉപമേഖല:കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേത്തിക്കൽ | എല്ലാ മാസവും മൂന്നു ദിവസം | ക്ലാസ് ടീച്ചർ | PTA |
| ആരോഗ്യമുള്ള മനസ്സ്,ആരോഗ്യമുള്ള ശരീരം രൂപപ്പെടുത്തൽ വിദ്യാഭ്യാസം ഫലപ്രദമാക്കൽ | യോഗ,സൂംബാ ഡാൻസ്,വിവിധ തരം എക്സസൈസു-കൾ എന്നിവ പരിശീലിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

## ഉപമേഖല: സ്കോളർഷിപ്പ് പരീക്ഷകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സരപരീക്ഷകളിലൂടെ ലഭ്യമാക്കുക | LSS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനം നൽകുക | വർഷം മുഴുവൻ | അധ്യാപകർ | |

## ഉപമേഖല: ഐ ടി പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| കുട്ടികളുടെ ഐടി പഠനം കാര്യക്ഷമമാക്കൽ | ക്ലാസനുസരിച്ച് പ്രത്യേകമായി ഐടി പഠനം ഒരുക്കുക | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

## ഉപമേഖല:ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെയുള്ള വിവിധ ദിനാചരണങ്ങൾ പഠനപ്രവർത്തന-മായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | വിവിധ ക്ലബ്ബുകൾ ,SRG | PTA |

## ഉപമേഖല:പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| വിനോദത്തിനും പഠനത്തിനും ചേർന്ന തരത്തിലുള്ള പഠനയാത്രകൾ സംഘടിപ്പിക്കൽ | കുട്ടികളുടെ നിലവാരമനുസരിച്ച് വിനോദത്തിനും പഠനത്തിനും ഉതകുന്ന തരത്തിലുള്ള യാത്രകൾ സംഘടിപ്പിക്കുക | വർഷത്തിൽ ഒരു തവണ | SRG | PTA |

# മേഖല- സാമൂഹികം

## ഉപമേഖല: CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ട് എത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠന നേട്ടങ്ങൾ,പഠന തെളിവുകൾ, എത്താതെ പോയ പഠന നേട്ടം തുടങ്ങിയവയുടെ അവതരണം CPTA-യിൽ | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG,ക്ലാസ് ടീച്ചർ | PTA |

## ഉപമേഖല:പ്രാദേശിക PTA( CORNER PTA)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| പ്രാദേശിക PTA രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തലും | പാഠ്യ – പാഠ്യേതര പ്രവർത്തനങ്ങളിൽ നേടിയ മികച്ച വിജയം പങ്കുവെക്കുന്നതിന് പ്രാദേശികമായി PTA ചേരൽ | വർഷത്തിൽ 1 തവണ | PTA, SRG | PTA 5000 |

# ഉപസംഹാരം

കാവാലം ന്യൂ സെന്റ് ത്രേസ്യാസ് എൽപി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായ ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സഹായംകൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയും എന്ന ഉത്തമ വിശ്വാസംഞങ്ങൾക്കുണ്ട്.